**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99** **04-07-2022 - ൽ മറുപടിയ്ക്ക്**

**തോട്ടം തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തോട്ടം തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | (എ) 1951 -ലെ പ്ലാന്റേഷൻസ് നിയമം, 1959 -ലെ പ്ലാന്റേഷൻസ് ലേബർ ചട്ടം എന്നിവ അനുശാസിക്കുന്ന എല്ലാ ക്ഷേമ പ്രവർത്തനങ്ങളും, തോട്ടം തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. 2013 -ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി പ്രകാരം, മരണമടയുന്ന തോട്ടം തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം നൽകി വരുന്നുണ്ട്.<br><br>ഭവന രഹിതരായ തോട്ടം തൊഴിലാളികളെ കണ്ടെത്തി, ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ഭവനം ഫൗണ്ടേഷൻ ഓഫ് കേരളയുടെ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ - തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനമായ ആർ, പി.എൽ. -ലെ തോട്ടം തൊഴിലാളികളെ കൂടി ഉൾപ്പെടുത്താൻ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കുളത്തുപ്പുഴ എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലം വിട്ടു നൽകുകയും 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതിൽ 6 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറിയിട്ടുള്ളതാണ്.<br><br>സാമ്പത്തിക പ്രതിസന്ധിമൂലം പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചു വരുന്ന പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകൾ, പഠനോപകരണങ്ങളുടെ വിതരണം, ചികിത്സാ ധനസഹായം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | പൂട്ടികിടക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് എക്സ്ഗ്രേഷ്യ വിതരണത്തിന് പുറമെ 2017 മുതൽ സൗജന്യ ഓണക്കിറ്റും നൽകി വരുന്നു. കോവിഡ് 19-മായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ കാലയളവിൽ കേരളത്തിൽ തുറന്ന് പ്രവർത്തിക്കുന്നതും, പൂട്ടികിടക്കുന്നതുമായ എല്ലാ തോട്ടങ്ങളിലെയും തൊഴിലാളികൾക്കും, ചെറുകിട തോട്ടങ്ങളിലെ തൊഴിലാളികൾക്കും 1,000/- രൂപ വീതം ധനസഹായം നൽകുകയുണ്ടായി.<br><br>എസ്റ്റേറ്റുകളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. |
| (ബി) | തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കുമോ; | (ബി) | (ബി) പ്ലാന്റേഷൻ പോളിസിയുടെ അടിസ്ഥാനത്തിൽ തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 58-ൽ നിന്നും 60 വയസ്സാക്കി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരെ തൊഴിലുടമകളുടെ സംഘടനയായ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള (എ.പി.കെ) ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ അന്തിമ വിധിയായിട്ടില്ല. ബഹു. പൊതു വിദ്യാഭ്യാസ -തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.05.2022-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 58 -ൽ നിന്നും 60 ആയി വർദ്ധിപ്പിച്ചത് അംഗീകരിക്കുവാനും ഇതിന് 01.04.2022 മുതൽ പ്രാബല്യം നൽകുന്നതിനും തീരുമാനിച്ചു. |
| (സി) | നിർജ്ജീവാവസ്ഥയിലുള്ള തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമപദ്ധതി ആനുകൂല്യങ്ങളും പെൻഷനും നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | സി) സാമ്പത്തിക പ്രതിസന്ധിമൂലം പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചു വരുന്ന പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകൾ, പഠനോപകരണങ്ങളുടെ വിതരണം, ചികിത്സാ ധനസഹായം, |

| | | | |
|---|---|---|---|
| | | | മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു.<br><br>പൂട്ടികിടക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് എക്സ്ഗ്രേഷ്യ വിതരണത്തിന് പുറമെ 2017 മുതൽ സൗജന്യ ഓണക്കിറ്റും നൽകി വരുന്നു. കോവിഡ് 19-മായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ കാലയളവിൽ കേരളത്തിൽ തുറന്ന് പ്രവർത്തിക്കുന്നതും, പൂട്ടികിടക്കുന്നതുമായ എല്ലാ തോട്ടങ്ങളിലെയും തൊഴിലാളികൾക്കും, ചെറുകിട തോട്ടങ്ങളിലെ തൊഴിലാളികൾക്കും 1,000/- രൂപ വീതം ധനസഹായം നൽകുകയുണ്ടായി. |
| (ഡി) | ഉല്പാദനം നിർത്തിവച്ച തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തനം ആരംഭിക്കുന്നതിന് തൊഴിൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | ഡി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ 1953-ലെ Tea Act -ലെ വ്യവസ്ഥകൾ പ്രകാരം തുറന്നു പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നത് പ്ലാന്റേഷൻ പോളിസിയിൽ ഉൾപ്പെടുത്തിയ വിഷയമാണ്. പ്ലാന്റേഷൻ ഒരു വ്യവസായമായി തത്വത്തിൽ അംഗീകരിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് പുതുതായി രൂപീകരിക്കുന്ന പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ചുമതലയാണ്. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള തുടർ നടപടികൾ വ്യവസായ വകുപ്പിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ